ചെയർ അനുവദിക്കാത്ത കാര്യത്തെ സംബന്ധിച്ച് ഒരു ചർച്ച ഇപ്പോൾ അനുവദിക്കാൻ പറ്റില്ല. നിർവാഹമില്ല. എന്നോട് ക്ഷമിക്കുക, സബ്മിഷനായി ഉന്നയിക്കാനുള്ള അവസരം തരാം.

(ബഹളം .....) ശ്രദ്ധക്ഷണിക്കൽ ..... ശ്രീ. കെ.പി.എ. മജീദ്.....

III. ശ്രദ്ധക്ഷണിക്കൽ

(1) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.പി.എ. മജീദ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഈ സഭയുടേയും ഗവണ്മെന്റിന്റെയും മുൻപിൽ ഞാൻ അവതരിപ്പിക്കുകയാണ്. ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം സഭ ആരംഭിക്കുന്ന ദിവസം നല്കിയ തായിരുന്നു. നിർഭാഗ്യവശാൽ അന്ന് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഈ സഭയും ഗവണ്മെന്റും രാഷ്ട്രീയ സംഘടനകളുമെല്ലാം വളരെ ഗൗരവമായി ആലോചിക്കേണ്ട ഒരു പ്രശ്നമാണ് ഞാൻ ഈ സന്ദർഭത്തിൽ ശ്രദ്ധയിൽപ്പെടുത്തുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം പാലിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിൽക്കൂടി ആവശ്യപ്പെടുന്നത്. സർ, നമ്മുടെ നിയമസഭയുടെ പിന്നോക്ക ക്ഷേമസമിതി കേരളത്തിലെ സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ തുടങ്ങിയ സർവീസുകളിൽ പിന്നോക്കവിഭാഗത്തെ സംബന്ധിച്ചുള്ള വിശദമായ ഒന്ന്, മൂന്ന്, അഞ്ച് - റിപ്പോർട്ടുകൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിയ സംവരണ കാറ്റ പൂർണമായും പാലിച്ചുവോ ഇല്ലയോ എന്ന കാര്യത്തിൽ ഈ റിപ്പോർട്ട് തന്നെ വ്യക്തമാക്കുന്ന കാര്യമാണ്. സാമൂഹിക നീതി ഉറപ്പുവരുത്താനും പിന്നോക്കക്കാരെ ഉയർത്തിക്കൊണ്ടുവരാനും അധികാരത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും വേണ്ടി ജാതി സംവരണം തീരുമാനിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടുള്ള സർവീസുകളിലെ നിയമനങ്ങൾ എല്ലാം പരിശോധിച്ചാൽ ഓരോ വിഭാഗത്തിനും അർഹമായിട്ടുള്ള കാറ്റ പോലും ലഭ്യമായിട്ടില്ല എന്ന് നമുക്ക് കാണാൻ കഴിയും. സർക്കാർ സർവീസിലാകട്ടെ പൊതുമേഖലയിൽ ആകട്ടെ ജോലിയുടെ സാധ്യത കുറഞ്ഞു വന്നുക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഏറ്റവും വലിയ ജോലി സാധ്യതയുള്ളത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലാണ്. സ്വകാര്യമേഖലയിലെ വിദ്യാലയങ്ങളിൽ വളരെയധികം നിയമനങ്ങൾ വന്നുക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ 12,533 എൽ.പി., യു.പി. ഹൈസ്കൂൾ, പ്ലസ് ടു തുടങ്ങിയ വെറും 4454 സ്ഥാപനങ്ങളാണ് ഗവണ്മെന്റിലുള്ളത്. മഹാഭൂരിപക്ഷം വരുന്നവയിൽ 7310 സ്ഥാപനങ്ങൾ-സ്വകാര്യമേഖലയിലാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർ മാത്രം 1,87,543 ആണ്. അതിൽ 66717 പേരാണ് ഗവണ്മെന്റിലുള്ള തെങ്കിൽ 1,13,112 അദ്ധ്യാപകൻമാരും ജോലി ചെയ്യുന്നത് കേരളത്തിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. അതുപോലെ ആകെയുള്ള 102 ടി.ടി.ഐ. കളിൽ അറുപത്തി നാലെണ്ണം എയിഡഡിലും മുപ്പത്തിയെട്ടണ്ണം ഗവണ്മെന്റിലുമാണ്. അവിടെയും ടീച്ചേഴ്സിന്റെ കണക്കെടുത്താൽ 442 പേർ ഗവണ്മെന്റിലാണെങ്കിൽ 508 അദ്ധ്യാപകൻമാരും പ്രവർത്തിക്കുന്നത് സ്വകാര്യ മേഖലയിലാണ്. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 526 അദ്ധ്യാപകരാണ് ആകെയുള്ളത്. അതിലും മഹാഭൂരിപക്ഷം എയിഡഡ് മേഖലയിലുള്ള സ്ഥാപനങ്ങളിലാണ് ഉള്ളത്. അതുപോലെ 186 ആർട്ട്സ് ആന്റ് സയൻസ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ ഉള്ളതിൽ 38 എണ്ണം മാത്രമാണ് ഗവണ്മെന്റ് മേഖലയിലുള്ളത്. മഹാഭൂരിപക്ഷം വരുന്ന 148 എണ്ണം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. ട്രെയിനിംഗ് കോളേജുകൾ 19 എണ്ണമാണ് ആകെയുള്ളത്, അതിൽ കേവലം നാലെണ്ണം മാത്രമാണ് ഗവണ്മെന്റിനുള്ളത്. മഹാഭൂരിപക്ഷം വരുന്ന 15 എണ്ണവും പ്രവർത്തിക്കുന്നത് പ്രൈവറ്റ് മേഖലയിലാണ്. അതുപോലെ പോളിടെക്നിക്കും, എൻജിനീയറിംഗ് കോളേജും എടുത്തു പരിശോധിച്ചാലും ഇതുതന്നെയാണ് സ്ഥിതി. എൻജിനീയറിംഗ് കോളേജിൽ 956 ടീച്ചേഴ്സും പോളിയിൽ 1483 അദ്ധ്യാപകൻമാരും വർക്ക് ചെയ്യുന്നുണ്ട്. ഇങ്ങനെ എടുത്തു പരിശോധിച്ചാൽ നമ്മുടെ സ്വകാര്യ മാനേജുമെന്റിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സിന്റെ കാര്യത്തിൽ നിയമനം അതാത് മാനേജ്മെന്റുകൾ തന്നിഷ്ടപ്രകാരം നടത്തികൊണ്ടുപോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇവിടുള്ള നിയമനങ്ങളിൽ ഗവണ്മെന്റിന് ഇടപെടാൻ കഴിയുമോ? ഇവിടെയുള്ള നിയമനങ്ങളിൽ സംവരണ കാറ്റ പാലിക്കാൻ കഴിയുമോ എന്നുള്ളത് നാം ആലോചിക്കേണ്ട കാര്യമാണ്. എന്റെ അഭിപ്രായത്തിൽ ഈ വിദ്യാലയങ്ങളിലെ നിയമനങ്ങളിൽ മാനേജർമാർക്കുള്ള അധികാരം നിലനിർത്തിക്കൊണ്ടു തന്നെ അവിടത്തെ നിയമനങ്ങളിൽ ഫലപ്രദമായി ഗവണ്മെന്റിന് ഇടപെടാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ വിദ്യാലയങ്ങളിലെ നിയമനം മാനേജർമാർക്കാണെങ്കിലും പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ വയ്ക്കണമെന്ന് ഗവണ്മെന്റ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് മാനേജർമാർ അദ്ധ്യാപകൻമാരെ നിയമിക്കുമ്പോൾ നിശ്ചിത കാറ്റ പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ വച്ചുകൊള്ളണം. അതുപോലെതന്നെ കോളേജുകളെ സംബന്ധിച്ചിടത്തോളം പ്രൈവറ്റ് കോളേജും, ഗവണ്മെന്റ് കോളേജും തമ്മിൽ 1972-ൽ ഉള്ള ഒരു എഗ്രിമെന്റ് ഉണ്ട്. ആ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് മാനേജുമെന്റും ഗവണ്മെന്റും തമ്മിൽ ഉണ്ടായിട്ടുള്ള എഗ്രിമെന്റാണ്. ആ എഗ്രിമെന്റ് അനുസരിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കുന്ന കാര്യത്തിലും അദ്ധ്യാപകൻമാരെ നിയമിക്കുന്ന കാര്യത്തിലും വളരെ വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങൾ ആ എഗ്രിമെന്റിൽ ഉണ്ടായിട്ടുണ്ട്. അതുപ്രകാരം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുമ്പോൾ നാൽപതു ശതമാനം മെറിറ്റ്, ഇരുപതു ശതമാനം കോളേജ് നടത്തുന്ന സമുദായത്തിലെ കുട്ടികൾ, ഇരുപതു ശതമാനം മാനേജുമെന്റ്, ഇരുപതു ശതമാനം എസ്.സി./എസ്.ടി.ക്കാർക്ക് തുടങ്ങിയ രീതിയിലുള്ള ഒരു സംവിധാനമുണ്ട്. അതുപോലെ തന്നെ അദ്ധ്യാപക നിയമനത്തിലും അൻപതു ശതമാനം മെറിറ്റും അൻപതു ശതമാനം കമ്മ്യൂണിറ്റി കാറ്റയും വച്ചിട്ടുണ്ട്. അപ്പോൾ നിയമനാധികാരം കോളേജ് നടത്തുന്ന മാനേജുമെന്റിന് ഉണ്ടെങ്കിൽപോലും ആ അൻപതു ശതമാനം മെറിറ്റും, അൻപതു ശതമാനം കമ്മ്യൂണിറ്റി കാറ്റയും പാലിച്ചുകൊണ്ടുമാത്രമേ നിയമനം നടത്താൻ കഴിയൂ. അതുകൊണ്ട് സ്വാഭാവികമായും ഇവിടെയുള്ള നിയമനങ്ങളിൽ മാനേജർമാർക്ക് നിയമനാധികാരം ഉണ്ടെങ്കിൽപ്പോലും നിയമനം ഈ രീതിയിൽ നടത്തണം എന്ന് പറയാൻ ഗവണ്മെന്റിന് സാധിക്കും എന്നാണ് എനിക്ക് ബോദ്ധ്യപ്പെടുത്താനുള്ളത്. മാനേജുമെന്റ് വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാന്റ് ഗവണ്മെന്റാണ് കൊടുക്കുന്നത്. ഇവിടെയുള്ള അദ്ധ്യാപകൻമാർക്കെല്ലാം ഗവണ്മെന്റ് നേരിട്ട് ശമ്പളം കൊടുക്കുകയാണ്. അങ്ങനെ ഒരു സാഹചര്യത്തിൽ സ്വകാര്യമാനേജുമെന്റിനെ ഇങ്ങനെ കയർ ഊരിവിടണമോ എന്നതിനെ സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി നാം ആലോചിക്കേണ്ടതാണ്. ഇവിടെ സഹകരണ സ്ഥാപനങ്ങളുണ്ട്. സഹകരണസ്ഥാപനങ്ങളിൽ ശമ്പളമടക്കം ആ സ്ഥാപനങ്ങളാണ് കൊടുക്കുന്നത്. പക്ഷെ അവിടെയുള്ള നിയമനങ്ങളിൽ എസ്.സി./എസ്.ടി.യ്ക്കും സംവരണ കാറ്റ നിശ്ചയിച്ചിട്ടുണ്ട്. അതുമാത്രമല്ല, പബ്ലിക് സർവീസ് കമ്മീഷൻ മുഖേന അപ്പെക്സ് സംഘങ്ങളിലെ നിയമനങ്ങളുൾപ്പെടെയുള്ള സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ബാധക

LIBRARY ARCHIVES Kerala Legislative Assembly

മാക്കാൻ പോകുകയാണ്. ആ ഒരു സാഹചര്യത്തിൽ ഗവണ്മെന്റ് നേരിട്ട് ശമ്പളം കൊടുക്കാത്ത സ്ഥാപനങ്ങളിൽപോലും സംവരണം പാലിച്ചുവരിക യാണ്. ഇതിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കിക്കൊണ്ട് മാനേജർമാർക്ക് അദ്ധ്യാപകൻമാരെ നിയമിക്കാനുള്ള അവകാശത്തിൽ തൊടുമ്പോഴാണ് പ്രശ്നം, അത് തൊടണ്ട, മാനേജർമാർക്ക് അദ്ധ്യാപകരേയും അദ്ധ്യാപികേതര ജീവനക്കാരേയും നിയമിക്കാനുള്ള അവകാശം നൽകികൊണ്ട് തന്നെ അങ്ങനെ നടത്തുന്ന നിയമനങ്ങളിൽ സംവരണ വ്യവസ്ഥ നിർബന്ധമായും പാലിക്കത്തക്കരീതിയിൽ ഉള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും ഉത്തരവുകളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് കൊടുത്താൽ മാത്രമെ ഇന്നത്തെ ഈ ദുരവ സ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇന്ന് നിയമനം കൊടുക്കുന്ന തിൽ ചില വ്യവസ്ഥകളുണ്ട്. അത് ഈ സഭയിൽ ഞാൻ പ്രത്യേകം പറയണ്ട, എങ്ങനെയാണ്, എത്രമാത്രം പണം കൂടുന്നു അത് അനുസരിച്ചാണ് നിയമനം നടക്കുക, അതുകൊണ്ട് ഇങ്ങനെയൊരു ക്വാട്ട നിശ്ചയിച്ചാൽ തന്മൂലം അനാ രോഗ്യകരമായ മറ്റു കാര്യങ്ങൾ കുറയാനിടവരും എന്നാണ് എനിക്ക് തോന്നു ന്നത്. അതുകൊണ്ട് ഗവണ്മെന്റ് ഇക്കാര്യം പരിശോധിച്ച് തീരുമാനമുണ്ടാക്ക ണമെന്നാണ് എനിക്ക് ഈ സഭയിൽ ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കേരളത്തിലെ വിദ്യാഭ്യാസ ചട്ടങ്ങളിൽ സെക്ഷൻ 11 പ്രകാരം എയിഡഡ് സ്കൂളുകളിലെ നിയമനം സ്വകാര്യ മാനേജുമെന്റിൽ നിക്ഷിപ്തമാണ്. അതിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. മാനേജർമാർക്കും മറ്റും വ്യത്യസ്ത അഭിപ്രായമാണ്. അഭിപ്രായം നല്ലതാണ്. പക്ഷെ എങ്ങനെയാണ് പ്രയോഗത്തിൽ വരുന്നത് എന്ന് നമുക്ക് നോക്കാം. 1960-ൽ, ഇപ്പോഴുള്ളവിധം നിയമം ഭേദഗതി ചെയ്യുന്നതിന് മുൻപ്, മൂലനിയമത്തിൽ എയിഡഡ് സ്കൂളു കളിൽ അന്ന് ഗവണ്മെന്റ് സ്കൂളുകളിൽ എന്നപോലെ പി.എസ്.സി. മുഖാ ന്തിരം നിയമനം നടത്തണമെന്നായിരുന്നു വ്യവസ്ഥ. കേരളത്തിലെ വിദ്യാ ഭ്യാസ നിയമം സംബന്ധിച്ച് സുപ്രീം കോടതി വിധിന്യായത്തിന്റെ അടിസ്ഥാ നത്തിൽ മാറ്റങ്ങൾ വരുത്തുകയും ഇപ്പോഴുള്ള വിധം വ്യവസ്ഥകൾ നിയമ ത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. എയിഡഡ് സ്കൂളുകളിൽ നിയമനത്തിന് സംവരണതത്വം പാലിക്കണമെന്ന് കേരള വിദ്യാഭ്യാസ നിയമത്തിലോ ചട്ടങ്ങ ളിലോ ഇപ്പോൾ വ്യവസ്ഥയൊന്നുമില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്വകാര്യ മാനേജുമെന്റുകളുടെ നിയന്ത്ര ണത്തിൽ നടത്തുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ നിയമന ങ്ങൾ പ്രസ്തുത കോളേജുകൾ അഫലിയേറ്റ് ചെയ്തിട്ടുള്ള യൂണിവേഴ്സിറ്റി യുടെ സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഇപ്പോൾ നടപ്പിലാക്കു ന്നത്. കേരള, കോഴിക്കോട് യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം, ഉണ്ടാ കുന്ന ഒഴിവുകളിൽ അൻപതു ശതമാനം അതാതു വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന മാനേജ്മെന്റിന് മെരിറ്റ് അടിസ്ഥാനത്തിൽ നിയമനം നൽകാവുന്ന താണ്. ബാക്കി വരുന്ന അൻപതു ശതമാനം ഒഴിവുകൾ മെറിറ്റ് അടിസ്ഥാന ത്തിൽ മാത്രം നിയമനം നടത്തേണ്ടതാണ്. സംവരണതത്വം നടപ്പിലാക്കുന്ന തിന് നിലവിലുള്ള സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതികൾ വരു ത്തേണ്ടതാണ്. ഇതാണ് അഭിപ്രായം. അത് എങ്ങനെയാണെന്ന് നമുക്ക് ആലോചിക്കാം.

ശ്രീ. കെ.പി.എ. മജീദ് : ഇതിനെ സംബന്ധിച്ച് ഗൗരവമായി അങ്ങ് ആലോചിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly